## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5629** **24-03-2025 - ൽ മറുപടിയ്ക്ക്**

## ജിമ്മുകളിലെ അനധികൃത മരുന്നുകളുടെ ദുരുപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജിമ്മുകളിലെ അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ജിമ്മുകളിലെ അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. പ്രത്യേകിച്ചും ശരീര സൗന്ദര്യ മത്സരങ്ങൾ നടക്കുന്ന കാലയളവിൽ സ്റ്റിറോയിഡ് മരുന്നുകളുടെ ദുരുപയോഗം തടയുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ ശരീര സൗന്ദര്യ' എന്ന പേരിൽ റെയ്ഡുകൾ നടത്താറുണ്ട്. 2024 ഡിസംബറിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് 50 ഓളം ജിമ്മുകളിൽ പരിശോധന നടത്തിയിരുന്നു. തൃശ്ശൂർ ജില്ലയിലെ ഒരു ജിം ട്രെയിനറുടെ വീട്ടിൽ നിന്നും ഒന്നര ലക്ഷത്തോളം വിലവരുന്ന സ്റ്റിറോയിഡ് മരുന്നുകൾ പിടിച്ചെടുക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരം ജില്ലയിൽ ഒരു ജിമ്മിൽ സ്റ്റിറോയിഡ് മരുന്നുകളുടെ അനധികൃത സ്റ്റോക്ക് കണ്ടെത്തിയതിനെ തുടർന്ന് നിയമ നടപടി സ്വീകരിച്ചു. കൂടാതെ ഔഷധ മൊത്ത / ചില്ലറ വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് ഇത്തരം മരുന്നുകളുടെ അനധികൃത വില്പന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം നിരീക്ഷിക്കുകയും നിയമ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | ജിമ്മുകൾ കേന്ദ്രീകരിച്ച് ഉത്തേജക മരുന്നുകൾ അനധികൃതമായി ഉപഭോക്താക്കൾക്ക് നൽകി വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ജിമ്മുകളിലെ അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. പ്രത്യേകിച്ചും ശരീര സൗന്ദര്യ മത്സരങ്ങൾ നടക്കുന്ന കാലയളവിൽ സ്റ്റിറോയിഡ് മരുന്നുകളുടെ ദുരുപയോഗം തടയുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ ശരീര സൗന്ദര്യ' എന്ന പേരിൽ റെയ്ഡുകൾ നടത്താറുണ്ട്. 2024 ഡിസംബറിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് 50 |

| | | | |
|---|---|---|---|
| | | | ഓളം ജിമ്മുകളിൽ പരിശോധന നടത്തിയിരുന്നു. തൃശ്ശൂർ ജില്ലയിലെ ഒരു ജിം ട്രെയിനറുടെ വീട്ടിൽ നിന്നും ഒന്നര ലക്ഷത്തോളം വിലവരുന്ന സ്റ്റിറോയിഡ് മരുന്നുകൾ പിടിച്ചെടുക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരം ജില്ലയിൽ ഒരു ജിമ്മിൽ സ്റ്റിറോയിഡ് മരുന്നുകളുടെ അനധികൃത സ്റ്റോക്ക് കണ്ടെത്തിയതിനെ തുടർന്ന് നിയമ നടപടി സ്വീകരിച്ചു. കൂടാതെ ഔഷധ മൊത്ത / ചില്ലറ വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് ഇത്തരം മരുന്നുകളുടെ അനധികൃത വില്പന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം നിരീക്ഷിക്കുകയും നിയമ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (സി) | യുവജനങ്ങളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ ദൂഷ്യഫലങ്ങളെപ്പറ്റി ബോധവത്ക്കരണം നൽകുന്നതിനായി ക്ലാസുകൾ നടത്താൻ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ ;വിശദമാക്കാമോ? | (സി) | ഉണ്ട്. ശരീര സൗന്ദര്യ മത്സരങ്ങൾക്കായി സ്റ്റിറോയിഡ് മരുന്നുകൾ ഇത്തരത്തിൽ അശാസ്ത്രീയമായി ഉപയോഗിച്ചാലുണ്ടാവുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും ദൂഷ്യഫലങ്ങളെപ്പറ്റിയും യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ